LIBRARY ARCHIVES Kerala Legislative Assembly

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതി

141 (526) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് 20 സഹകരണ സംഘങ്ങൾക്ക് 1,05,20,600 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചുവടെ പറയുംവിധം തുക അനുവദിച്ചിട്ടുണ്ട്.

1. ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ (1 സംഘത്തിന്)
2. ദുർബല പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 13 ലക്ഷം രൂപ (1 സംഘത്തിന്)
3. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള ധനസഹായം - 15 ലക്ഷം രൂപ (4 എണ്ണം)
4. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് (Managerial Subsidy) ധനസഹായം - 3.36 ലക്ഷം രൂപ (6 എണ്ണം)
5. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുള്ള ധനസഹായം-5.73 ലക്ഷം രൂപ (2 എണ്ണം)

6. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം - 5 ലക്ഷം രൂപ (3 എണ്ണം)

7. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് സഹായം - 43.116 ലക്ഷം രൂപ (3 എണ്ണം)

(സി) വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പള്ളിപ്പുറം പഞ്ചായത്തിൽ പപ്പടവ്യവസായ സഹകരണ സംഘം

142 (527) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം പഞ്ചായത്തിൽ പപ്പട വ്യവസായ സഹകരണ സംഘം ആരംഭിക്കുന്നതിന് അനുവദിച്ച മൂലധന തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് സംഘം ഭാരവാഹികൾക്ക് സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യൂണിറ്റ് ഏതു വർഷമാണ് അടച്ചു പൂട്ടിയതെന്ന് വിശദമാക്കാമോ;

(ബി) അടച്ചുപൂട്ടിയതിനുശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സംഘത്തിന്റെ നടത്തിപ്പ് അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇക്കാലമത്രയും നടപടികൾ സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംഘം ഭാരവാഹികളിൽ ജീവിച്ചിരിക്കുന്നവർക്കെതിരെ മാത്രം നടപടി സ്വീകരിച്ച് നഷ്ടപരിഹാരത്തുക ഈടാക്കുന്നതിനുള്ള നിർദ്ദേശം പിൻവലിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) പള്ളിപ്പുറം പഞ്ചായത്തിൽ പപ്പട വ്യവസായ സഹകരണ സംഘം ആരംഭിക്കുന്നതിന് അനുവദിച്ച മൂലധന തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് സംഘത്തിന് കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ആസ്ഥാന ഓഫീസിൽനിന്നും 17-6-2015-ന് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ 17-10-1994, 25-01-2008, 12-1-2012 എന്നീ തീയതികളിൽ ബോർഡിന്റെ എറണാകുളം ജില്ലാ ഓഫീസിൽനിന്നും സംഘത്തിന് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്. 1982-ൽ സംഘത്തിന്റെ പ്രവർത്തനം നിലച്ചതായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly